# വിജ്ഞാന സമൂഹം

നിലവിലുള്ള സാധ്യതകളെ ഉപയോഗപ്പെടുത്തി വികസനം സാധ്യമാക്കുകയാണ് വളർച്ച നേടുവാനുള്ള മാർഗം. അത് കണ്ടെത്തുവാനും തിരിച്ചറിയുവാനുമുള്ള ആർജവം ഉണ്ടാവുക എന്നത് ഒരു നിസ്സാരകാര്യമല്ലതാനും. ജനസംഖ്യാ വർദ്ധനവ് നിയന്ത്രിക്കുവാൻ പലരാജ്യങ്ങളും ഏർപ്പെടുത്തിയ നിയമങ്ങളും കൈക്കൊണ്ട നടപടികളും ചില ഘട്ടങ്ങളി ലെങ്കിലും മനുഷ്യമനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന തരത്തിൽ മൃഗീയമായിട്ടുണ്ട്. അനന്തര ഫലമായി ഇപ്പോൾ പലയിടങ്ങളിലും വാർദ്ധക്യമെത്തിയവരേക്കാൾ വളരെ കുറവാണ് യുവാ ക്കളുടെ എണ്ണമെന്ന വസ്തുതകണ്ട് അമ്പരക്കുകയാണ് ലോകം. കുറയുന്ന ജനനനിരക്കും അസന്തുലുതമായ സ്ത്രീ പുരുഷാനുപാതവും ആയിരിക്കും തുടർകാലങ്ങളിൽ മാനവസ മൂഹം നേരിടാൻ സാധ്യതയുള്ള വലിയ വെല്ലുവിളി എന്ന കാര്യത്തിൽ സംശയമില്ല. ഇത് നമ്മുടെ വ്യക്തി, കുടുംബ, സാമൂഹിക മേഖലകളിൽ ഏൽപ്പിക്കുവാൻ പോകുന്ന പ്രത്യാ ഘാതം ചെറുതായിരിക്കില്ല. 120 കോടിയും കവിഞ്ഞ് ജനസംഖ്യയുടെ കാര്യത്തിൽ സമ്പു ഷ്ടമാണ് നമ്മുടെ രാജ്യമെങ്കിലും അതൊരു സമ്പത്താണെന്ന തിരച്ചറിവിലേയ്ക്കെത്താൻ നമുക്കായിട്ടില്ല. സർക്കാർ സംവിധാനങ്ങളുപയോഗപ്പെടുത്തി പണം നഷ്ടപ്പെടുത്തി നമ്മളും പാടുപെടുകയാണ് ജനസംഖ്യ വെട്ടിച്ചുരക്കുവാൻ.

ഈ ഒരു പ്രവണതയിൽ വലിയ പിശകുണ്ടന്ന് തന്നെയാണ് എന്റെ വിശ്വാസം. ഭൂമി ക്കടിയിൽ രൂപപ്പെട്ടിരിക്കുന്ന പെട്രോളിയം തിരിച്ചറിഞ്ഞ് ഖനനം ചെയ്തെടുക്കാൻ കഴിയു ന്നില്ലെങ്കിൽ അതു നമുക്ക് ഉപയോഗപ്പെടുത്തുവാനാവില്ല എന്നുകരുതി അത്ര വിലയേറിയ ഒരു സാധ്യത ഇല്ലാതാവുന്നുമില്ല. അത് തിരിച്ചറിഞ്ഞ് ഉൽപന്നമാക്കുന്നതിലാണ് നമ്മുടെ കഴിവ്. അതുപോലെതന്നെയാണ് ജനസംഖ്യ വലിപ്പത്തിലുമുള്ളതെന്ന് ഞാനുറച്ചു വിശ്വ സിക്കുന്നു. മനുഷ്യന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തുവാൻ നാം ദീർഘവീക്ഷണ ത്തോടെ മുന്നോട്ടുപോയാൽ ജനസംഖ്യാവർദ്ധനവ് ഒരപവാദമെന്നതിനപ്പുറം അഭിമാന മായി മാറുമെന്നതിൽ സംശയമില്ല.

ഇന്ത്യ ഒരു വിജ്ഞാന സമൂഹമായി മാറുകയാണ് ഈ നിലയിലുള്ള നമ്മുടെ വളർച്ച യ്ക്കാവശ്യം. അതായത് ബുദ്ധിശക്തിയെ കാര്യക്ഷമമായി ഉപയോഗിക്കുവാൻ കഴിവുള്ളവ രുടെ ഒരു സമൂഹമായി നാം മാറേണ്ടിയിരിക്കുന്നു. ഉപയോഗിക്കപ്പെടാതെ കിടക്കുന്ന മനു ഷ്യശേഷിയുടെ മുഴുവൻ ഉപയോഗം സാധ്യമാക്കുകവഴി ആരാലും തടയിടാൻ കഴിയാത്ത ഒരു വൻ വികസന കുതിച്ചുചാട്ടമാകും നാം സൃഷ്ടിക്കുക. 20 കോടി ജനങ്ങൾ മാത്രമുള്ള അമേരിക്കയിൽ 70% ശതമാനം വിജ്ഞാന തൊഴിലാളികൾ (ബുദ്ധിശക്തി ഉപയോഗിച്ച് ഉൽപാദനപരമായി പ്രവർത്തിക്കുന്നവർ അഥവാ Knowledge workers) ഉണ്ടെങ്കിൽ 120 കോടി ജനങ്ങളുള്ള ഇന്ത്യയിൽ അത് വെറും 7% ആണ്. ഇതിൽനിന്നുതന്നെ നമുക്ക് മനസിലാക്കാ വുന്നതാണ് നമ്മുടെ പോരായ്മയും സാധ്യതയും.

എല്ലാവരും വിജ്ഞാനമേഖലയിൽ തൊഴിലാളികളാകണമെന്ന് പറഞ്ഞാൽ ഏതെ ങ്കിലും ഓഫീസ്മുറിയിലിരുന്ന് ബുദ്ധിപരമായ ചിന്തകളിൽ വ്യാപൃതരാകണമെന്നല്ല ഉദ്ദേ

ശിക്കുന്നത്. അവിടെ കൃഷിപ്പണിക്കും മറ്റ് അധ്വാനം ആവശ്യമുള്ള ജോലികളോ ചെയ്യുവാൻ ആളുകളില്ലാതാവുക എന്നതല്ല അതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇവിടെ ഒരു ജോലിയും നിസ്സാരമായതോ മേന്മകുറഞ്ഞതോ അല്ല. ആ തൊഴിലുകൾ ആളുകൾ എങ്ങനെ ചെയ്യുന്നു എന്നതിനെ അശ്രയിച്ചാണ് മേന്മ സൃഷ്ടിക്കപ്പെടുന്നത്. പിഴവുകളോടെ ഒരു ഡോക്ടർ പ്രവർത്തിച്ചാലും അധ്യാപകൻ പ്രവർത്തിച്ചാലും തൂപ്പുകാരൻ പ്രവർത്തിച്ചാലും അവർ ഒരു ഗണത്തിൽപ്പെട്ടവരാണ്. കഴിവില്ലാത്തവർ. എന്നാൽ അവർ പിഴവുകളില്ലാതെ പ്രവർത്തിച്ചാലും ഒരു ഗണത്തിൽപ്പെട്ടതാണ്, കഴിവുള്ളവർ. മിടുക്കനായ ഡോക്ടർ, മിടുക്കനായ അധ്യാപകൻ, മിടുക്കനായ തൂപ്പുകാരൻ. ഈ മിടുക്ക് എല്ലാവരിലും സൃഷ്ടിക്കുക എന്നതാവണം നമ്മുടെ ലക്ഷ്യം.

ഇവിടെ ഒരു കാര്യം ഓർത്തുപോവുകയാണ്. നമ്മളാരെങ്കിലും വീട്ടിൽ ഏതെങ്കിലുമൊരു ജോലി ചെയ്യുന്നുണ്ടെങ്കിൽ ഉദാഹരണത്തിന് പറമ്പ് കിളയ്ക്കാൻ ഒരാളെ അന്വേഷിച്ചാൽ ചില ആളുകളുടെ മുഖം പെട്ടെന്ന് ഓർമയിലേക്കെത്തും. ഒരുപക്ഷേ അവർ നമ്മുടെ തൊട്ടടുത്തുള്ളവർ ആയിരിക്കില്ല. പ്രസ്തുത ജോലിചെയ്യുന്നവർ നമുക്കടുത്ത് ധാരാളം ഉണ്ടാകാനും ഇടയുണ്ട്. എന്നാലും ചിലയാളുകളെ നമ്മൾ തേടിപ്പിടിക്കും. അവർ തീർച്ചയായും വാഴയ്ക്ക് തടമെടുക്കാൻ പറഞ്ഞാൽ തെങ്ങിന് തടമെടുക്കുന്നവരായിരിക്കില്ല. അതുപോലെ പറഞ്ഞുമനസിലാക്കിക്കൊടുത്താൽ പോലും ഓർക്കാതെയെന്ന് പറഞ്ഞ് പൈപ്പോ, കേബിളോ കുത്തിപ്പൊട്ടിക്കുന്നവരോ ആയിരിക്കില്ല. അങ്ങനെയല്ലാതെ ഏൽപിക്കുന്ന ജോലി കൃത്യമായി ശരിയായ രീതിയിൽ ചെയ്യുമെന്ന് ഉറപ്പുള്ള ആളുകളെ നാം അന്വേഷിച്ച് കണ്ടെത്തും. അവരാണ് വിജ്ഞാന തൊഴിലാളികൾ. അതുകൊണ്ട് അർത്ഥമാക്കുന്നത് വിജ്ഞാനതൊഴിലാളികൾ ഏതെങ്കിലും ഒരു മേഖലയിൽ ഉടലെടുക്കേണ്ടവരല്ല മറിച്ച് സമസ്തമേഖലയിലും ഉദിച്ചുയരേണ്ടവരാണ്.

ഇന്ന് എല്ലാവരും ചിന്തിക്കുന്നതും സംസാരിക്കുന്നതും രണ്ട് വർഗങ്ങളെക്കുറിച്ച് മാത്രമാണ്. തൊഴിലാളി വർഗവും മുതലാളിവർഗ്ഗവും. ഇന്ന് പഴയരീതിയിൽ കായികാധ്വാനം എന്നതുമാത്രം ഉൽപാദനത്തിന് ഉപയോഗപ്പെടുത്താൻ കഴിയുകയില്ല. കുറഞ്ഞ പക്ഷം കേരളത്തിന്റെ മാത്രം കാര്യമെടുത്താൽപോലും കാർഷികമേഖലയിൽ സംഭവിക്കുന്നതെന്താണ്. ഇന്ന് കാർഷികരംഗം നേരിടുന്ന പ്രധാനവെല്ലുവിളി കാര്യക്ഷമമായി തൊഴിലെടുക്കുവാൻ തൊഴിലാളികളെ ലഭിക്കുന്നില്ല എന്നതുതന്നെയാണ്. കേരളത്തിലെ വിളഞ്ഞുനിൽക്കുന്ന നെൽപ്പാടങ്ങളിൽനിന്ന് നെല്ല് കരയ്ക്ക് കയറണമെങ്കിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് കൊയ്ത്ത് യന്ത്രം വരാതെ നിവൃത്തിയില്ല. അന്യസംസ്ഥാന തൊഴിലാളികളില്ലാതെ ഇന്ന് കേരളത്തിൽ കെട്ടിടങ്ങൾ ഉയരില്ല എന്നതാണ് അവസ്ഥ. ഇവിടെ മാറിവരുന്ന സാഹചര്യങ്ങളോട് ഇണങ്ങിച്ചേരുവാൻ വേണ്ടുന്ന ടെക്നോളജികൾ വികസിപ്പിച്ചെടുക്കുവാൻ നമുക്ക് കഴിയേണ്ടിയിരിക്കുന്നു. അതുപയോഗിച്ച് വിദഗ്ധരായ തൊഴിലാളികൾക്ക് മികച്ച വേതനം ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെടണം. വലിയ ജോലി ചെറിയ ജോലി എന്നതരം തിരിവ് അവസാനിപ്പിച്ച് മികവിന് വിലയിടണം. ഈ നിലയിൽ തൊഴിലാളിവർഗ മുതലാളി വർഗ അസമത്വങ്ങൾക്ക് അറുതിവരുത്തുവാനാകും. അതിനായി എല്ലാ മേഖലകളിലും വിജ്ഞാന തൊഴിലാളികളെന്ന ഒരു വിഭാഗമായി നാം വളരുകതന്നെ വേണം.

കൊടുത്താൽ കുറവ് വരാത്ത ഏകസമ്പത്താണ് വിജ്ഞാനം. അതിന്റെ വ്യാപനം വഴി നമുക്ക് സാധ്യമാകുന്ന വികസനം വളരെ വലുതായിരിക്കും. നമ്മുടെ വികസനവീഴ്ചയ്ക്ക് ഗുണകരമല്ലാത്ത ഒരു പുരാതനകീഴ്വഴക്കം കാരണമായിട്ടുണ്ടോ എന്ന് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. അറിവിന്റെ ഭണ്ഡാരമായ വേദങ്ങൾ ഒരു വിഭാഗമാളുകൾ കേട്ടാൽ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണമെന്ന് മറ്റൊരുവിഭാഗം വിചാരിച്ചിരുന്ന നാടാണ് നമ്മുടേത്. അതുകൊണ്ട്തന്നെ ഇന്ത്യക്കാർ അവന്റെ സംസ്കാരത്തിന്റെ സമ്പത്തായ അറിവുകൾ വായിച്ചറിയുവാൻ പാശ്ചാത്യർ ഇവിടെവന്ന് സംസ്കൃതം പഠിച്ച് തർജ്ജിമചെയ്തു തരേണ്ടിവന്നു. പഴയകാല കഥകളിൽ നിന്ന് നമുക്കറിയാം ആയുർവേദത്തിന്റെ ശക്തി എത്ര വലുതായിരുന്നുവെന്ന്. കൈമാറാൻ തയ്യാറാകാതിരുന്നതുകൊണ്ട് മാത്രം ആയുർവേദത്തിന്റെ അൽഭുതങ്ങൾ പലതും നമുക്ക് അവതരിപ്പിക്കാനാവാതെ പോയിട്ടുണ്ട്. ചരിത്രപരമായ ഈ തെറ്റുകൾക്കുള്ള പ്രായ്ശ്ചിത്തം കൂടിയാവണം വിജ്ഞാനസമൂഹമെന്ന ലക്ഷ്യത്തിലൂന്നിയുള്ള നമ്മുടെ പ്രവർത്തനം.

ആ നിലയിലുള്ള ഒരു സമൂഹമായി മാറുവാൻ നമുക്കുള്ള അത്ര അധികാരികതയും, ആർജവും, അവകാശവും മറ്റാർക്കാണുള്ളത്. വിമാനം മുതൽ ആറ്റംബോംബ് വരെയുള്ള പിൽക്കാലത്തെ കണ്ടുപിടുത്തങ്ങളുടെ ആശയങ്ങൾ ഈ ലോകത്തിന് മുമ്പിൽ അവതരിപ്പിച്ചത് മറ്റാരാണ്. മനുഷ്യമനസിന്റെ അപാരമായ ശക്തിയും സാധ്യതയും നാം തിരിച്ചറിഞ്ഞത് മറ്റാരെക്കാലും എത്രയോ കാലം മുമ്പാണ്. നമ്മുടെ തൊടിയിൽ വളരുന്ന സസ്യങ്ങലിൾ ഔഷധങ്ങളുണ്ടന്ന് മറ്റാരാണ് പറഞ്ഞത്. ജ്യോതിശാസ്ത്രത്തിൽ നമ്മുടെ പഴക്കം മറ്റാർക്കാണ് അവകാശപ്പെടാനുള്ളത്. കണക്കിലെ കളികൾ നമ്മൾ എന്നേ തുടങ്ങിവച്ചതാണ്. കൗടലിന്റെ അർത്ഥശാസ്ത്രം മുതൽ വാൽസ്യായനന്റെ കാമസൂത്രയുടെവരെ അവകാശം ആർക്കാണ്. ഈ നിലയിൽ സമസ്തമേഖലയിലും നാം തെളിച്ചിട്ട വീഥിയിലൂടെ അറിവിന്റെ രഥം മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് കഴിയാതെ പോയതെന്തുകൊണ്ടാണ്? അതിനുള്ള കാരണം നമ്മൾ ഒരു വിജ്ഞാനസമൂഹമായി വളർന്നില്ല എന്നുള്ളതാണ് അധവാ നമ്മുടെ വിജ്ഞാനം പരസ്പരം പങ്കുവച്ച് വ്യാപിപ്പിച്ചില്ല എന്നുള്ളത് തന്നെ.

ഈ നിലയിൽ നാം മാറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യവും അനിവാര്യതയുമാണ്. ഏറെ വിവാദങ്ങൾക്കും വിചാരങ്ങൾക്കും വഴിവെച്ചിരിക്കുന്ന ആഗോളവൽക്കരണ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എതിർക്കുന്നവരും അനുകൂലിക്കുന്നവരും എന്തെല്ലാം പറഞ്ഞാലും നിക്ഷേധിക്കാനാകാത്ത ഒരു വസ്തുതയുള്ളത് ഈ വ്യവസ്ഥയിൽനിന്ന് മാറിനിൽക്കാൻ കഴിയില്ല എന്നുള്ളതാണ്. ലോകം മുഴുവൻ ഒരു കുടക്കീഴിൽ അണിനിന്നു നിൽക്കുമ്പോൾ അതിന്റെ സാധ്യങ്ങൾ ഉപയോഗപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞില്ലങ്കിൽ സംഭവിക്കുന്നത് നാം അതിന്റെ ദോഷവശങ്ങളുടെ ഉപഭോക്താക്കളാവുകയും പിന്തള്ളപ്പെട്ട് പോവുകയും ചെയ്യും എന്നുള്ളതാണ്. അതുകൊണ്ടാണ് സംവൽസരങ്ങൾക്ക് മുമ്പ്തന്നെ നാം ഔഷധഗുണം തിരിച്ചറിഞ്ഞ് ഉപയോഗിച്ചിരുന്ന മഞ്ഞളിനും ആര്യവേപ്പിനുമൊക്കെ വിദേശികൾ പേറ്റന്റ് വാങ്ങുന്നത്. ഇതിനെയൊക്കെ പ്രതിരോധിക്കുവാനും നമ്മുടെ സാധ്യതകളെ ഉപയോഗപ്പെടുത്തുവാനും കഴിയുവാൻ ഒറ്റപ്പെട്ട പ്രവർത്തനങ്ങളെക്കാൾ നമുക്കാ

വശ്യം കൂട്ടായ പരിശ്രമമാണ്. ഇതിനായാണ് നാം ഇന്നത്തെ അവസ്ഥയിൽ നിന്ന് മാറേണ്ട ത്. ശക്തമായ ഒരു വിജ്ഞാന സമൂഹമായി നാം മാറുകതന്നെ വേണം.

ജനസംഖ്യ ഏറെയുള്ള ഒരു രാജ്യത്ത് ഇത് എങ്ങനെ പ്രാവർത്തികമാകും എന്ന താണ് ചോദ്യമെങ്കിൽ സംശയം വേണ്ട ചെറിയ പ്രവർത്തനങ്ങളോ കുറഞ്ഞ ഇച്ഛാശക്തിയോ കൊണ്ട് നേടിയെടുക്കാനാവുന്നതല്ല ഇത്. ദീർഘവീക്ഷണത്തോടുള്ള കൂട്ടായ കളങ്കിതമ ല്ലാത്ത പ്രവർത്തനം ഇതിനാവശ്യമാണ്. അതിന് ലോകരാജ്യങ്ങൾക്കിടയിൽ ജനസംഖ്യ യിലെ രണ്ടാം സ്ഥാനവും വലുപ്പത്തിലെ ഏഴാം സ്ഥാനവും ഒരു പരിമിതിയാകില്ല. എന്നാൽ അഴിമതിയിലെ ഏഴാം സ്ഥാനം നമുക്ക് വലിയ പരിമിതിമാത്രമല്ല പ്രതിബന്ധം കൂടിയാണ് സൃഷ്ടിക്കുന്നത്. ഒന്നിനുപുറകെ ഒന്നായി വന്നുകൊണ്ടിരിക്കുന്ന ലക്ഷം കോടികളുടെ അഴിമതിക്കഥകൾ കേൾക്കുമ്പോൾ ഓർത്തുപോവുകയാണ് നമ്മുടെ ഒരു തലമുറയെ മൊത്തം നേരായ ദിശയിൽ വളർത്തിക്കൊണ്ടുവരാൻ ഇതിന്റെ പകുതി പണംപോലും ചില വാക്കേണ്ടതില്ലല്ലോ എന്ന്! വിജ്ഞാനസമൂഹമായുള്ള മാറ്റത്തിന് നമ്മുടെ പരിമിതി നമ്മുടെ മനോഭാവം മാത്രമാണ്. ഒന്നോർക്കുക ഇന്ത്യയിലെ ഓരോ മനുഷ്യരും ഓരോ കമ്പ്യൂട്ടറു കളാണ്, അതിനെ ഏകോപിച്ച് ഗുണകരമായി ഉപയോഗിച്ചാൽ 120 കോടി കമ്പ്യൂട്ടറുകൾ ചേരുന്ന ഒരു സൂപ്പർ കമ്പ്യൂട്ടറാണ് ഇന്ത്യ. അങ്ങനെയെങ്കിൽ മറ്റുള്ളവർക്ക് നമ്മുടെ വളർച്ച കണ്ട് അത്ഭുതപ്പെടുവാൻ മാത്രമേ കഴിയുകയുള്ളു.

റവ: ഡോ. എബ്രഹാം മുളമൂട്ടിൽ